**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.44/PR/PIC/PHQ/18 Date : 27.02.2018

---

## മയക്കുമരുന്നുവിപത്തു തടയാൻ സമൂഹത്തിന്റെ കൂട്ടായ ശ്രമമുണ്ടാകണം – മുഖ്യമന്ത്രി

മയക്കുമരുന്നുവിപത്തു ഫലപ്രദമായി തടയാൻ സർക്കാരിനും വിവിധ വകുപ്പുകൾക്കുമൊപ്പം സമൂഹത്തിന്റെ കൂട്ടായ ശ്രമം കൂടിയുണ്ടാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ആന്റി നാർക്കോട്ടിക് ക്ലബ്ബുകളുൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഹരി മുക്തമാക്കുന്നതിന് കേരള പോലീസ് ആവിഷ്കരിക്കുന്ന പദ്ധതിയായ ' ആസ്പിറേഷൻസ് 2018' ന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പല ഗ്രേഡിൽ ലഹരിനൽകുന്ന ഉത്പന്നങ്ങളുടെ ധാരാളിത്തവും വൈവിധ്യവും ആരെയും അമ്പരപ്പിക്കാൻ പോന്നതാണ്. ഒരു കൗതുകത്തിനോ കമ്പനിക്കോ ആയാവും പലപ്പോഴും പലരും ഇത്തരം വസ്തുക്കൾ ഉപയോഗിച്ചുതുടങ്ങുക. പക്ഷെ ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞാൽ എക്കാലവും ഉപയോഗിക്കാനുള്ള അഭിനിവേശം ഉള്ളിൽ സൃഷ്ടിക്കാൻ പോന്നവയാണ് ഇത്തരം മരുന്നുകൾ. അവസാനം ഉയർന്ന അളവിലുള്ള മയക്കുമരുന്ന് ഉപയോഗം ഒരു ഭ്രാന്തമായ ആവശ്യകതയായി മാറുകയും സ്വന്തം ജീവിതവും പെരുമാറ്റവും പൂർണ്ണമായും തകരാറിലാവുംവിധം ഇത് മാറുകയും ചെയ്യും. ഇത്രവലിയ വിപത്തായിരുന്നിട്ടും ഇതു നമ്മുടെ സ്കൂൾ വിദ്യാർത്ഥികളെയും കൗമാരക്കാരെയും പോലും അതിവേഗം പിടികൂടുകയും അവരിൽ പലരും ലഹരിക്കടിമപ്പെടുകയും ചെയ്യുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. ആരോഗ്യമുള്ള മനസ്സും ആരോഗ്യമുള്ള ശരീരവും പുതിയ തലമുറയെ വാർത്തെടുക്കുന്നതിന് ഇത് വലിയ തടസ്സമാണ്.

ഈ സാഹചര്യം മനസ്സിലാക്കിയാണ് സർക്കാർ നിർദേശപ്രകാരം പോലീസും എക്സൈസുമൊക്കെ മയക്കുമരുന്നുവിപത്തിനെതിരെയുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സർക്കാരിന്റെയും പോലീസിന്റെയും ഇടപെടലിനൊപ്പം ജനങ്ങളുടെ, പ്രത്യേകിച്ച് രക്ഷിതാക്കളുടേയും അധ്യാപകരുടേയും നിതാന്ത ജാഗ്രതയും കൂടിയുണ്ടെങ്കിലേ ഈ രംഗത്ത് പൂർണമായി വിജയിക്കാൻ കഴിയൂ. സർക്കാരുകളെ പോലും അട്ടിമറിക്കാൻ കെല്പുള്ള, വിവിധ

രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന അതിശക്തമായ മാഫിയ മയക്കുമരുന്നുവ്യാപനത്തിനു പിന്നിലുണ്ട്. അതുകൊണ്ടുതന്നെ ഈ വിപത്തിനെതിരെ നാടിന്റെയാകെ കണ്ണും കാതും തുറന്നിരിക്കേണ്ടതുണ്ട്.

അധ്യാപകർക്കും പി.ടി.എ. കൾക്കും ഇതു തടയുന്നതിൽ വലിയ പങ്കുണ്ടെന്ന് അദ്ദേഹം ഓർമിപ്പിച്ചു. സഹപാഠികളിൽ മയക്കുമരുന്ന് ഉപയോഗമോ അതിന്റെ ലക്ഷണങ്ങളോ കണ്ടാൽ ഉടനെ തന്നെ തിരുത്തൽ കുട്ടികൾ നടപടി സ്വീകരിക്കണം. തങ്ങളുടെ പ്രദേശത്ത് മയക്കുമരുന്ന് ഉപയോഗമോ ഉത്പാദനമോ കണ്ടാൽ ഉടൻ തന്നെ പോലീസിനെയോ ബന്ധപ്പെട്ട മറ്റു വകുപ്പ് അധികൃതരെയോ അറിയിക്കണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

നമ്മുടെ സംസ്ഥാനത്ത് മയക്കുമരുന്നുവ്യാപനം വലിയ വിപത്തായി മാറുകയാണെന്നും ഇതിനെതിരെ സർക്കാരും പോലീസും നടത്തുന്ന പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെയാകെ പിന്തുണയുണ്ടാകണമെന്നും ചടങ്ങിൽ അധ്യക്ഷതവഹിച്ച വി.എസ്. ശിവകുമാർ എം. എൽ.എ പറഞ്ഞു.

മയക്കുമരുന്നുകളുടെ ലഭ്യത തടയുക, ആവശ്യകത കുറയ്ക്കുക എന്ന ദ്വിമുഖലക്ഷ്യത്തോടെയാണ് പോലീസ് ഈ രംഗത്തെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതെന്ന് ചടങ്ങിൽ സ്വാഗതം പറഞ്ഞ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു. ലഭ്യത തടയുന്നതിന് നിയമനടപടികൾ ശക്തിപ്പെടുത്തും. ആവശ്യകത കുറയ്ക്കുന്നതിന് ബോധവത്കരണം ശക്തിപ്പെടുത്തും. ഈ രംഗത്തെ പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് കാൻസാഫിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് സിനിമാതാരങ്ങളായ ജയസൂര്യ, പ്രിയ വാര്യർ, ക്രിക്കറ്റ് താരം സഞ്ജു വി. സാംസൺ എന്നിവർ തോക്കും ക്രിക്കറ്റ് ബോളും ബലൂണുകളുമുപയോഗിച്ച് മയക്കുമരുന്നുകളെ തുരത്തുന്ന പ്രതീകാത്മക ചടങ്ങ് നടന്നു. 76 പേരെ ലഹരിയിൽനിന്ന് വിമുക്തരാക്കിയ ഡോക്ടർമാർ, സാമൂഹികപ്രവർത്തകർ, പോലീസുദ്യോഗസ്ഥർ തുടങ്ങിയവർക്ക് സംസ്ഥാന പോലീസ് മേധാവിയും താരങ്ങളും ചേർന്ന് ഉപഹാരം നല്കി.

ദക്ഷിണമേഖലാ എ ഡി ജി പി അനിൽകാന്ത്, തിരുവനന്തപുരം റേഞ്ച് ഐ ജി മനോജ് എബ്രഹാം, അഡ്മിനിസ്ട്രേഷൻ ഐ ജി പി വിജയൻ, സിറ്റി പോലീസ് കമ്മീഷണർ പി പ്രകാശ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

***********